പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1449

07.06.2018-ൽ
മറുപടിയ്ക്ക്

## മൂവാറ്റുപുഴ അയവന ടെക്നിക്കൽ ഹൈസ്കൂൾ നിർമ്മാണം

*ചോദ്യം*
ശ്രീ.എൽദോ എബ്രഹാം

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മൂവാറ്റുപുഴ അയവന റ്റി.എച്ച്.എസ്. നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലം സംബന്ധിച്ച് നിലനിൽക്കുന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അയവന ടെക്നിക്കൽ ഹൈസ്കൂൾ നിർമ്മാണത്തിനായി മൂവാറ്റുപുഴ താലൂക്കിലെ ഏനാനെല്ലൂർ വില്ലേജിലെ സർവ്വേ നമ്പർ 557/7 C2, 557/7 B, 557/7 B2, 557/7 A2 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 1.7 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി G.O. (Rt)2284/2015/HEDN dated 03/09/2015 ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും സ്ഥലം ഏറ്റെടുപ്പിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം ടെക്നിക്കൽ ഹൈസ്കൂളിന് അനുയോജ്യമല്ലെന്നും, |
| (ബി) | സ്കൂൾ നിർമ്മാണത്തിനും വിദ്യാർത്ഥികളുടെ യാത്രക്കും അനുയോജ്യമല്ലാത്ത പ്രസ്തുത സ്ഥലം ഒഴിവാക്കി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | | |

| | | |
|---|---|---|
| (സി) | അനുയോജ്യമായ സ്ഥലം ഏറ്റെടുത്ത് റ്റി. എച്ച്. എസ്. നിർമ്മാണം ആരംഭിക്കുന്നതിലെ കാലതാമസം എന്താണെന്നും അത് പരിഹരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | സ്ഥലമേറ്റെടുപ്പിലെ അഴിമതി അന്വേഷിക്കണമെന്നും ആവശ്യപ്പെട്ട് അയവന ഗ്രാമ പഞ്ചായത്ത് മെമ്പർ സമർപ്പിച്ച പരാതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ എറണാകുളം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

Safeel

സെക്ഷൻ ഓഫീസർ